# കടലമിഠായി

അത്ര നല്ല ഓർമ്മയില്ല ചെറുപ്പത്തിൽ കേട്ട കഥകളെ പറ്റി. പക്ഷേ മമ്മ പറഞ്ഞ കഥകളിൽ മമ്മയുടെ നാട് ആയിരുന്നു പശ്ചാത്തലം. അവിടെത്തെ നല്ല മനുഷ്യർ കഥാപാത്രങ്ങളും. കഥയുടെ സാരം അവിടെ നടന്ന കൊലപാതകവും പള്ളിയിലെ അത്ഭുതങ്ങളും ആയിരുന്നു. മമ്മയുടെ കഥയിൽ പ്രത്യേകത പറയാതെ പോയത് മമ്മയെ പറ്റിയായിരുന്നു.

"...... അങ്ങനെയാണ് അത്. "

" അപ്പോ മമ്മ എവിടെയായിരുന്നു?" എന്ന മറുചോദ്യത്തിന് "മമ്മ അന്ന് കുഞ്ഞായിരുന്നു " എന്നതായിരിക്കും മറുപടി.

കഥകൾ കേൾക്കുമ്പോൾ ഞാനും  അന്ന് കുഞ്ഞായിരുന്നു തീരെ ചെറുത്. പതിമൂന്ന് വയസ്സ് പിന്നിട്ട കാലത്ത് ഞാൻ അമ്മയോടൊപ്പം നാട്ടിലേക്ക് ആദ്യമായി എത്തി. ഹൈവേയിൽ നിന്ന് മാറി തെങ്ങും മരങ്ങളും നിൽക്കുന്ന പറമ്പ് കടന്ന് അമ്മയുടെ കുഞ്ഞ് വീട്ടിൽ എത്തി. ഷീറ്റിട്ട സിമന്റ് തറയുള്ള വീട്. എസി ഇല്ല കൂളർ ഇല്ല. ആകെ ചൂട് എന്നാൽ തറ തണുപ്പും. ചുറ്റും അമ്മയുടെ സഹോദരങ്ങളും എന്നെക്കാളും വലിയ അവരുടെ മക്കളും. വിശേഷങ്ങൾ ഒഴുകി തീർന്നപ്പോൾ അമ്മ എഴുന്നേറ്റു. ''ഞാനേ സാറിന്റെ വീട്ടിൽ പോകുന്നു നീ വരുന്നുണ്ടോ അതോ ഇവർക്കൊപ്പം ഇവിടെ ഇരിക്കുന്നോ?" അവർക്കിടയിലിരുന്ന് ബോറടിച്ച ഞാൻ "ഞാനും വരുന്നു " എന്നു പറഞ്ഞു ചാടി എഴുന്നേറ്റു.

ഫ്ലൈറ്റിനായി ഫ്ളാറ്റിൽ നിന്ന് ഇറങ്ങിയപ്പോൾ പോലും ഇല്ലാത്ത പ്ലാൻ, ടാക്സിയിൽ ഇല്ലാതിരുന്ന പ്ലാൻ, നാട്ടിൽ എത്തിയപ്പോൾ, ഡ്യൂട്ടി ഫ്രീയിൽ നിന്നും സൂപ്പർ മാർക്കറ്റിൽ നിന്നും അതിഥേയരാകുന്ന അമ്മയുടെ ബന്ധുകൾക്ക് ഏതൊക്കെയോ വാങ്ങി കൂട്ടവേ പെട്ടെന്ന് അമ്മ പറഞ്ഞു, "സാറിനെ കാണാൻ പോകണം. കടലമിഠായി ഉറപ്പായും വേണം. " ഞാൻ സംശയത്തോടെ അമ്മയെ നോക്കി. കടലമിഠായി ....

ഞാൻ മെല്ലെ കഥകളിൽ പരതി. കടലമിഠായി... സാർ .... തലച്ചോർ "നോ റിസർട്ട്സ് ഫൗണ്ട്" എന്നു  മെല്ലെ പറഞ്ഞു. ഓർമ്മകൾ ക്രാഷ് ആയോ ? നോ വേ !! ന്യൂട്ടൺസ് ഫസ്റ്റ് ലോ ? എസ് !! ഓർമ്മയുണ്ട്. 12 x 12 അതേ ഓർമ്മയുണ്ട്. ഇവ എന്തേ കഥകളിൽ മേച്ച് ആവുന്നില്ലല്ലോ?

എന്തായാലും അമ്മയ്ക്ക് ഒപ്പം ടാറിന്റെ  റോഡിന്റെ നടുക്കുവഴി നടന്നു. സിറ്റിയിൽ ഇങ്ങനെ നടുറോഡിൽ നടക്കാൻ ആകാത്തതിന്റെ വിഷമം ഇവിടെ നടന്നുതീർക്കാലോ.. ശബ്ദമില്ല, ഹോണടികൾ ഇല്ല. ഇവിടെ കാറ്റ് വീശുന്ന ശബ്ദം മാത്രം കേൾക്കാം. "മമ്മ, നമ്മുക്ക് ബർഗർ വാങ്ങിയാലോ  ?" "ഇവിടെ അതൊന്നും കിട്ടില്ല വാവു. അതെല്ലാം സിറ്റിയിലേ ഉണ്ടാവൂ ധാരാളം ദൂരമുണ്ട് ഇവിടെ നിന്ന്".  " ഛേ മോശം" ഞാൻ നിരാശപ്പെട്ടു.

വഴിയിൽ വളർന്ന് നിന്ന ഒരു ചെടിയിൽ നിന്ന് ഒരു മഞ്ഞ പൂവ് മമ്മ പറിച്ചെടുത്തു കൈയ്യിൽ തന്നു, "വാവു, സാറിന്റെ കയ്യിൽ കൊടുക്കണേ.." . ഞാൻ തലയാട്ടി.

"രേഖയല്ലേ, എന്ന് എത്തി?" വേലിക്കെട്ടിനടുത്ത് ഒരു അമ്മച്ചി "അമ്മായി ഇന്ന് എത്തിയതേ ഉള്ളൂ. " " ഇതാരാ? മോളാ ?" എന്നെ ചൂണ്ടി ചോദിച്ചു. " ഇത് എന്റെ മോളാ ". പിന്നെ അമ്മച്ചി ഒന്നും മിണ്ടാതെ നിന്നു. മമ്മ തലകുനിച്ചു കൊണ്ട് എന്റെ കയ്യും പിടിച്ചു നടന്നു.

ടാറിട്ട ഒരു ഇടവഴി കയറി ഒരു ചെറിയ ഗേറ്റിനു മുന്നിൽ എത്തി. ഉള്ളിൽ തലയെടുപ്പോടെ ഒരു വീട്. പുറത്ത് വയസായ ഒരു അപ്പൂപ്പൻ നിൽപ്പുണ്ട്. മമ്മ വിളിച്ചു പറഞ്ഞു. "സാർ ഞാൻ രേഖയാ " സാർ അകത്തേക്ക് നോക്കി "സെറീനേ , ആരാ വന്നിരിക്കുന്നതെന്ന് നോക്കൂ.. ആ ഗേറ്റ് തുറന്നു കൊടുക്കൂ. ". അകത്തു നിന്ന് മമ്മയുടെ പ്രായത്തിൽ ഒരു ആന്റി ആ വീട്ടിൽ നിന്ന് ഇറങ്ങി വന്നു " രേഖയോ വാ വാ ". ഗേറ്റിനകത്ത് എത്തിയ ഞാൻ അത്ഭുതപ്പെട്ടു.

വിശാലമായ മുറ്റം ചുറ്റും മരങ്ങളും ചെടികളും. മമ്മ എന്നെ തട്ടി. ഞാനാ മഞ്ഞ പൂവ് അപ്പൂപ്പനു നൽകി. "എന്റെ മോളാണ്, സായ " പൂ വാങ്ങി എന്റെ തലയിൽ തൊട്ടു." മിടുക്കിയാണല്ലോ നന്നായി. " ഞാൻ മമ്മയെ നോക്കി മമ്മ ചിരിക്കുന്നു. കുറെ കാലത്തിനിടയിൽ മമ്മയുടെ കണ്ണുകളിൽ ചിരി കണ്ടു. അമ്മയുടെ കയ്യിൽ പിടിച്ച് ഞാനും ആ വീട്ടിലേക്ക് നടന്നു. അമ്മയും ആന്റിയും ഏതൊക്കെയോ പഴയ കാര്യങ്ങൾ പറയുന്നുണ്ട്.

ആ വീടിന്റെ ഉള്ളിൽ കടന്ന ഞാൻ അത്ഭുതപ്പെട്ടു. ബാഡ്മിന്റൺ കോർട്ടിന്റെ വലിപ്പത്തിൽ ഹാൾ. ഇൻഡോർ കോർട്ടിനായി പറ്റിയ ഹാൾ. ഒരിടത്ത് വലിയൊരു ടി. വി. മേശ പുറത്ത് ഇരിക്കുന്നുണ്ട്. തിരിഞ്ഞ് മമ്മയോട് "മമ്മ ടിവി?". " മോളേ, അതു വർക്ക് ചെയ്യില്ല. വെറുതെ വച്ചിരിക്കുന്നതാ." പൂപ്പൽ പിടിച്ച് മങ്ങിയ ഫോട്ടോ ഫ്രെയിമുകൾ ചുവരുകളെ അലങ്കരിച്ചിരുന്നു. അതിൽ നിന്നും മാറി രണ്ടു സ്ത്രീകളുടെ ഫോട്ടോ വച്ചിരുന്നു അതിനു മുമ്പിൽ മുനിഞ്ഞ കത്തുന്ന ഒരു ചുവന്ന ബൾബ് . എന്റെ നോട്ടം കണ്ടിട്ടാവണം ആന്റി പ്രായം കുറഞ്ഞ സ്ത്രീയുടെ ഫോട്ടോ ചൂണ്ടി പറഞ്ഞു " നോക്ക് മോളേ, ഇത് എന്റെ ചേച്ചിയാണ്. അസുഖം വന്ന് മരിച്ചു പോയി" അടുത്ത ഫോട്ടോയെ ചൂണ്ടിക്കാട്ടി , "എന്റെ അമ്മയാണ് ". ഞാൻ ഭയത്തോടെ തിരിഞ്ഞ് മമ്മയെ നോക്കി. അവിടത്തെ ടി.വി മോണിറ്ററുടെ വലിപ്പത്തിലെ റേഡിയോയെ തൊട്ടു തലോടി മമ്മ നിറഞ്ഞ കണ്ണുകളോടെ നിൽക്കുന്നുണ്ടായിരുന്നു. അമ്മയുടെ ആ ഭാവം ആദ്യമായി കാണുകയായിരുന്നു ഞാൻ.

ആന്റി എന്റെ കയ്യിൽ പിടിച്ച് ആ വീട്ടിലെ മുക്കും മൂലയും കാണിച്ചുതന്നു. അതിൽ തട്ടിൻപ്പുറം വരെ ഉണ്ടായിരുന്നു. ഒപ്പം രണ്ടു കല്ലറകളും. അവരുടെ ചേച്ചിയുടേയും അമ്മയുടെയും. അവരുടെ ചേച്ചിയുടെ കല്ലറയുടെ മുകളിൽ ഞാൻ കൊണ്ടുവന്ന മഞ്ഞപ്പൂവിനെ കണ്ടു. ഞാൻ അതിശയത്താൽ " ഞാൻ കൊണ്ടുവന്ന പൂ !" ഉറക്കെ

പറഞ്ഞു. "എന്റെ ചേച്ചിയ്ക്ക് മഞ്ഞനിറം ഇഷ്ടമായിരുന്നു." അവർ മൊഴിഞ്ഞു. അവരുടെ കണ്ണുകളുടെ തിളക്കം മാഞ്ഞു . പതുക്കെ ഞങ്ങൾ തിരികെ ഹാളിൽ എത്തി. അമ്മ അവിടെത്തെ ചൂരൽ സോഫയിൽ ഇരിക്കുന്നുണ്ടായിരുന്നു. കണ്ണുകൾ തുടച്ചിരുന്നുവെങ്കിലും അവയ്ക്ക് ചെമപ്പ് രാശി തന്നെയായിരുന്നു. ആകാശം തെളിഞ്ഞ് പൊള്ളുന്നുണ്ടായിരുന്നു.

മമ്മ അവർക്ക് വേണ്ടി വാങ്ങിയ കടലമിഠായി ബാഗിൽ നിന്നും എടുത്തു അവരുടെ കയ്യിൽ കൊടുത്തു. അവർ അത് വാങ്ങി " നീ പഴയതൊന്നും മറന്നിട്ടില്ല അല്ലേ?". വികാരങ്ങളാൽ മുങ്ങിയ ഒരു ചിരി സമ്മാനിച്ച മമ്മ നിശബ്ദയായി. അവർ അതിന്റെ കവർ പൊളിക്കവേ അപ്പൂപ്പൻ സർ അവിടെ പ്രത്യക്ഷപ്പെട്ടു. അവർ പൊട്ടിച്ച ആദ്യ കക്ഷണം എനിക്ക് നീട്ടി. ഞാൻ മമ്മയെ നോക്കി. "വാവൂ, വാങ്ങിക്ക്" മമ്മയും നിർദേശം ഞാൻ അനുസരിച്ചു. സാറിനും മമ്മയ്ക്കും ഒരോ കക്ഷണം നൽകി. ആന്റി വായിലേക്ക് ഒരു കക്ഷണം പൊട്ടിച്ചിട്ടു. എന്നെ നോക്കി ചോദിച്ചു " നിന്നെ വാവൂ എന്നാണോ മമ്മ വിളിക്കുക?" ഞാൻ അതേ എന്നു തലയാട്ടി.

"നീയെന്തിനാ "സായ" എന്ന പേര് ഇവൾക്ക് ഇട്ടത്?" അന്ന് അങ്ങനെ പറഞ്ഞിരുന്നുവെന്ന് കരുതി. നീയിങ്ങനെ ഒന്നും ചെയ്യരുതായിരുന്നു.' അവരുടെ ശബ്ദം ഇടറുന്നുണ്ടായിരുന്നു. മമ്മ പറഞ്ഞു "എനിക്ക് ഒരിക്കലും അവരെ മറക്കാനോ വെറുക്കാനോ കഴിഞ്ഞില്ല. അതുകൊണ്ട് ഞാൻ അങ്ങനെ..... " വാക്കുകൾ മുറിഞ്ഞു. എന്റെ കണ്ണുകളിലെ നേരിയ ഭയം കണ്ട അവർ പറഞ്ഞു. " വാവൂ, പേടിക്കണ്ട, നിന്റെ മമ്മയുടെ ബാല്യകാല സുഹൃത്തായിരുന്നു എന്റെ ചേച്ചി . അവർക്ക് ഇഷ്ടമുള്ള പേരാണ് സായ " ഞാൻ ചിരിക്കാൻ ശ്രമിച്ചെങ്കിലും കഴിഞ്ഞില്ല. അവർ ഹാളിൽ എന്റെ ഒറ്റയ്ക്കാക്കി അടുക്കളയിലേക്ക് പോയി. വെറുതെ ഓരോ മുറികൾ കയറി ഇറങ്ങി ഞാൻ വീട്ടിനകത്തു നടന്നു തുടങ്ങി. അതിൽ ഒരു മുറിയിൽ കുറച്ചു പുസ്തകങ്ങൾ അടുക്കി വച്ചിരുന്നു. അതിൽ ഇരുന്ന് ഒരു 2006 യിലെ ഡയറി എടുത്തു മറിച്ചു.

"സുകുമാരൻ പണയം വയ്ക്കാൻ വള ചോദിച്ചിരുന്നു. സൗമ്യയെ ആശുപത്രിയിൽ കൊണ്ടുപോകാൻ ആണെന്ന്. അപ്പ കൊടുക്കേണ്ടെന്ന് പറഞ്ഞു. ഞാൻ കൊടുത്തതും ഇല്ല "

പിന്നിലെ മറിച്ചു. കുറച്ച് ഒഴിഞ്ഞ പേജുകൾക്ക് ശേഷം രണ്ടു വരി :

"രണ്ടു വള വാങ്ങി. സ്വർണ്ണത്തിന് വില കൂട്ടുകയാണ്."

" വാവൂ " മമ്മയുടെ ശബ്ദം മുഴക്കം. ധൃതിയിൽ ഡയറി തിരിച്ചു വച്ച് മുറിയിൽ നിന്നും ഇറങ്ങി. അടുക്കളയിൽ എത്തി. എന്നെ കണ്ടതും മമ്മ:

" അവിടെയും ഇവിടെയും ഓടി നടക്കാതെ ഇവിടെ ഇരിക്ക് " ക്ഷമാപണസ്വരത്തിൽ ആന്റിയോട് " അവൾ ആദ്യമായിട്ടാ ഇവിടെയൊക്കെ...... ഇത്ര വലിയ വീടുകൾ ഒന്നും

അവിടെ ഇല്ലല്ലോ. ഫ്ളാറ്റും റൂമും ചെറിയതാ. അതാ അവൾ ഇങ്ങനെ ചാടി ഓടി നടന്നു നോക്കുന്നത് ".ഞാൻ മമ്മയോട് ചേർന്നു നിന്നു. "സാരമില്ല ഇനി എന്നാ അവളിവിടെ വരുക. അവൾ കാണണ്ടേ. " ആന്റി പറഞ്ഞുവെങ്കിലും ഞാൻ അനങ്ങിയില്ല.

ചായയും കുടിച്ച് തിരിച്ചു പോകാനായി പുറത്തിറങ്ങി. ആ ആന്റി എനിക്ക് ഒരു കുരിശുമാല കഴുത്തിൽ ഇട്ടു തന്നു കവിളിൽ ചുംബിച്ചു. അതിനു വെള്ള മുത്തുകൾ ഉണ്ടായിരുന്നു. "നീ ഇതിൽ സുന്ദരിയാണ് "ഞാൻ പുഞ്ചിരിച്ചുവെങ്കിലും ആ മാലയ്ക്ക് കനത്ത ഭാരവും ഹൃദയത്തെ ചൂടാക്കുന്ന തണുപ്പും ഉണ്ടായിരുന്നു.

തിരികെ നടക്കുമ്പോൾ മമ്മയും ഞാനും നിശബ്ദരായിരുന്നു. തിരികെ വീട്ടിൽ എത്തി. ഞങ്ങളോട് അവിടെ ഉണ്ടായിരുന്ന ബന്ധുകൾ ഒന്നും ചോദിച്ചില്ല. അവർ ചോറ് വിളമ്പി. ചിക്കൻ ഫ്രൈയും ചിക്കൻ കറിയും പിന്നെ എന്തൊക്കെയോ ഉണ്ടായിരുന്നു. എന്റെ നിശബ്ദത അവരെ അത്ഭുത പ്പെടുത്തി. അടുക്കളയിൽ ചെറിയമ്മ മമ്മയെ കുറ്റപ്പെടുത്തി. " അവിടെ വാവുവിനെ കൊണ്ടു പോകരുതേ എന്ന് പറയാൻ വരികയായിരുന്നു. അവൾ സന്തോഷത്തോടെ വരുന്നത് കണ്ടതു കൊണ്ടാ ഒന്നു പറയാത്തത്. സെഹീറയുടെ പ്രേതം അവിടെ ഉണ്ടെന്നാ." മമ്മ അവരുടെ കണ്ണുകൾ നോക്കി പറഞ്ഞു, "സെഹീറ പ്രേതം ആയെങ്കിൽ അവൾ നിങ്ങളേ ഉപദ്രവിക്കൂ. എന്റെ വാവൂവിനെ ഒന്നും ചെയ്യില്ല ".

മമ്മ തനി നാട്ടിൽപുറത്തുക്കാരിയായി. ഞാൻ മമ്മയുടെ അടുത്ത് എത്തി. "വാവൂ, ഇതൊന്നും കേട്ട് പേടിക്കണ്ട ,സെഹീറ എന്റെ ബെസ്റ്റ് ഫ്രണ്ടായിരുന്നു.അവളുടെ മോൾക്ക് അവൾ വച്ചിരുന്ന പേരാണ് മോൾക്ക് ഇട്ടത് അതുകൊണ്ട് മോൾ സെഹീറയ്ക്ക് മോളു തന്നെയാണ്" . പതിമൂന്നുവയസ്സുകാരിയായ എനിക്ക് പന്ത്രണ്ട് വർഷം മുമ്പ് മരിച്ചു പോയ ഒരു മമ്മ. 'വൗ! പുതിയൊരു മമ്മ".

അന്ന് രാത്രി മുതൽ ഉറക്കത്തിൽ ഞാൻ സംസാരിച്ചു തുടങ്ങിയതായി മമ്മ ഇപ്പോ പറയാറുണ്ട്. എന്റെ കാമുകിമാരോടുള്ള സംഭാഷണവും മാനേജർ പറഞ്ഞ വഴക്കിനുള്ള മറുപടിയും വഴിയിൽ തെറി വിളിച്ചവനെയും പറ്റിയും ഉറക്കത്തിൽ ആരോടോ..... അല്ല സെഹീറ മമ്മയോട് പറയാറുണ്ട്. ഭാഗ്യത്തിനാരും ഭ്രാന്ത് എന്ന് അതിനെ വിളിച്ചിട്ടില്ല.

ആകാശവാണി റേഡിയോ നിലയത്തിലെ ജോക്കിയായിരുന്ന സെഹീറ എന്റെ മമ്മയുടെ കാമുകിയായിരുന്നുവെന്ന രഹസ്യം എന്റെ കാമുകിയ്ക്ക് മുമ്പിൻ അമ്മ സമ്മതിച്ചു. ജോലിയും വിവാഹവും മമ്മയുടെ ജീവിതത്തെ മറ്റൊരു നാട്ടിലേക്ക് മാറ്റി വച്ചപ്പോൾ മമ്മ അവരെ മറന്നതും ഒടുവിൽ നാട്ടിൽ നിന്നും അവസാനമായി സെഹീറ അയച്ച കത്തിൽ അവളുടെ മരണ തീരുമാനത്തിന്റെ പ്രതിഫലനമായി, " നിന്റെ മോൾക്ക് സായ എന്നു പേരിടണേ ... അവൾ എന്റേതുകൂട്ടിയാണ് " കണ്ടപ്പോൾ മമ്മ നാട്ടിലേക്ക് വിളിച്ചു. എങ്കിലും അത് അവളുടെ മരണത്തിന്റെ പാട്ടുപൂജ കഴിഞ്ഞ ദിവസം കൂടി ആയിരുന്നത് എന്റെ പങ്കാളിയുടെ കണ്ണു നിറഞ്ഞു ഒഴുകുന്നതിനു കാരണമായി. കഴിഞ്ഞ

സംഭവങ്ങളുടെ ദൂരൂഹത അങ്ങനെ മാഞ്ഞു.

ലോകത്തിലെ എല്ലാ അമ്മമാരും അവരെ മറന്നിട്ടാണ് ചെറുമനസ്സുകളിലേക്ക് കഥ എത്തിക്കുന്നത്. അധികം താമസിക്കാതെ അമ്മമാർ, നിങ്ങളുടെ കഥകളും മെയിൽ/കത്ത് മുഖേന എത്തിക്കുക. കാരണം ഈ സ്ഥാപനം അമ്മമാരുടെ കഥകൾക്ക് പ്രാധാന്യം നൽകുകയും മികച്ചവ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു.

ഇങ്ങനെ നെടുനീളത്തിൽ എഴുതി തയാറാക്കിയ എഫ്ബി പോസ്റ്റ് റിവ്യൂ ചെയ്യാനായി അടയാളമിട്ടു മാറ്റി വച്ച് അവൾ എഴുന്നേറ്റു. കപ്പിൽ ചായ ഉണങ്ങിപിടിച്ചിരുന്നു. അവൾ ഒരു നിശ്വാസമിട്ടുകൊണ്ട് കപ്പുമായി അടുക്കളയിലേക്ക് നടന്നു. അവൾ ഇനി പുതിയ ചായയിടുമായിരിക്കും, അല്ലെങ്കിൽ കഞ്ഞി ഉണ്ടാകുമായിരിക്കും. നാളെ രാവിലെ ഓഫീസിൽ പോകുമായിരിക്കും. ഈ റിവ്യൂ അടയാളം എന്നു മാറുമെന്ന് എനിക്ക് അറിയില്ല. കാരണം അവളും ഇന്നൊരു മമ്മയാണ്.

***********


**ഫ്രീഡാജി ഇശയ്യ ജി. ജെ.**

തിരുവനന്തപുരം സ്വദേശി. മലയാളം ഭാഷയിൽ ബിരുദം, ബിരുദാനന്തരബിരുദം നേടിയിട്ടുണ്ട്. നിലവിൽ കേരള സർവ്വകലാശാലയിൽ മലയാളം ഭാഷയിൽ ഗവേഷണം ചെയ്യുന്നു.

email id :freedaji4u@gmail.com


